# ആശൂറാ ദിനത്തിലെ നോമ്പ്

***ചോദ്യം:** ആശൂറാ(മുഹര്‍റം പത്ത്) ദിനത്തിലെ നോമ്പിന്റെ വിധിയെന്ത്? ആശൂറാ നോമ്പുകൊണ്ട് മതിയാക്കാമോ? ഒമ്പതാം ദിവസം(താസൂആ) കൂടി നോമ്പ് നോല്‍ക്കേണ്ടത് അനിവാര്യമാണോ?*

**ഉത്തരം:** മുഹമ്മദ് സയ്യിദ് അഹ്മദ് അല്‍ മുസയ്യിന്‍ (പ്രഫ., അല്‍ അസ്ഹര്‍ യൂനിവേഴ്സിറ്റി)

മുഹര്‍റം പത്താം ദിനത്തിലെ നോമ്പ് ഇസ്‌ലാമിന്റെ ആഗമനത്തിനു മുമ്പേ അനുഷ്ഠിച്ചു പോരുന്നതാണ്. ആഇശ(റ) പറയുന്നു: "ഇസ്‌ലാമിനു മുമ്പും ഖുറൈശികള്‍ മുഹര്‍റം പത്താം ദിവസം നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു. നബി(സ)യും ആ ദിനത്തില്‍ നോമ്പനുഷ്ഠിച്ചിരുന്നു. മദീനയിലേക്ക് ഹിജ്റ പോയപ്പോഴും പ്രവാചകനത് തുടരുകയും മറ്റുള്ളവരോട് അപ്രകാരം ചെയ്യാന്‍ കല്‍പിക്കുകയും ചെയ്തു. റമദാനിലെ നോമ്പ് നിര്‍ബന്ധമായപ്പോള്‍ പ്രവാചകന്‍ പറഞ്ഞു: "ആ ദിനം നോമ്പനുഷ്ഠിക്കാനാഗ്രഹിക്കുന്നവര്‍ക്ക് നോമ്പെടുക്കുകയും ആഗ്രഹമില്ലാത്തവര്‍ക്ക് ഉപേക്ഷിക്കുകയും ചെയ്യാം."

മറ്റൊരു റിപ്പോര്‍ട്ട് പ്രകാരം, നബി(സ) മദീനയിലെത്തിയപ്പോള്‍ അവിടെ യഹൂദരും മുഹര്‍റം പത്തിന്റെ നോമ്പെടുക്കുന്നത് കണ്ടു. അതിന്റെ കാരണം അന്വേഷിച്ചപ്പോള്‍ അവര്‍ പറഞ്ഞു: "ഇത് മഹത്തായ ഒരു ദിനമാണ്. അന്നാണ് അല്ലാഹു മൂസ(അ)യെയും ജനതയെയും രക്ഷിച്ചതും ഫിര്‍ഔനെയും കൂട്ടരെയും കടലില്‍ മുക്കിക്കൊന്നതും. മൂസ(അ) പ്രസ്തുത ദിവസം നന്ദി സൂചകമായി നോമ്പെടുത്തു. ഞങ്ങളും അതു തുടരുന്നു." റസൂല്‍ പറഞ്ഞു: "ഞങ്ങളാണ് മൂസയോട് ഏറ്റവും അടുത്തവരും കടപ്പെട്ടവരും. അനുയായികളോട് ആ ദിനം നോമ്പെടുക്കാന്‍ കല്‍പിക്കുകയും ചെയ്തു."

റസൂല്‍(സ) വളരെ പ്രാധാന്യത്തോടെ പ്രസ്തുത നോമ്പ് അനുഷ്ഠിക്കാറുണ്ടായിരുന്നു എന്ന് മറ്റൊരു നിവേദനം വ്യക്തമാക്കുന്നു. ജാബിറുബ്നു സമുറ(റ) പറയുന്നു: "നബി(സ) ആശൂറാ ദിനത്തിലെ നോമ്പനുഷ്ഠിക്കാന്‍ ഞങ്ങളോട് കല്‍പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഞങ്ങള്‍ ആ ദിവസം നോമ്പനുഷ്ഠിക്കുന്നുണ്ടോ എന്ന് പ്രവാചകന്‍ നിരീക്ഷിക്കാറുമുണ്ടായിരുന്നു."

തുടക്കത്തില്‍ ആശൂറാഅ് നോമ്പ് നിര്‍ബന്ധമായിരുന്നു എന്നും പിന്നീട് റമദാന്‍ നോമ്പ് നിര്‍ബന്ധമായപ്പോള്‍ അത് ഐഛിക(സുന്നത്ത്) കര്‍മമായി തീര്‍ന്നു എന്നുമാണ് ചില പണ്ഡിതന്മാരുടെ അഭിപ്രായം.

നബി(സ) ആശൂറാ ദിനം മാത്രമേ നോമ്പനുഷ്ഠിച്ചിട്ടുള്ളൂ. എന്നാല്‍ അന്യാചാരങ്ങളില്‍നിന്നും അനുഷ്ഠാനങ്ങളില്‍നിന്നും വ്യതിരിക്തത പുലര്‍ത്തുന്നതിനുവേണ്ടി 'അല്ലാഹു ഉദ്ദേശിച്ചാല്‍ അടുത്ത കൊല്ലം മുഹര്‍റം ഒമ്പതാം ദിനം കൂടി നാം നോമ്പെടുക്കുന്നതാണ്' എന്ന് നബി(സ) പറഞ്ഞിരുന്നു. എന്നാല്‍ അടുത്ത കൊല്ലം പ്രസ്തുത സമയമെത്തുന്നതിനു മുമ്പ് നബി(സ) ലോകത്തോടു വിടപറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തില്‍ പണ്ഡിതന്മാര്‍ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു: മുഹര്‍റം ഒമ്പതും പത്തും ദിവസങ്ങള്‍ ചേര്‍ത്ത് നോമ്പനുഷ്ഠിക്കുന്നതാണ് സുന്നത്ത്. കാരണം നബി പത്താം ദിവസം നോമ്പനുഷ്ഠിക്കുകയും ഒമ്പതാം ദിവസം നോമ്പെടുക്കാന്‍ തീരുമാനിക്കുകയും ചെയ്തതാണ്. നബി(സ) പറഞ്ഞിരിക്കുന്നു: "റമദാന്‍ മാസത്തിലെ നോമ്പിനുശേഷം ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത് അല്ലാഹുവിന്റെ മാസമായ മുഹര്‍റത്തിലെ നോമ്പാകുന്നു."

## ഫര്‍ദ് നോമ്പ് ഖദാ വീട്ടാന്‍ ബാധ്യതയുള്ളയാളുടെ സുന്നത്ത് നോമ്പ്

***ചോദ്യം:** റമദാനിലെ നോമ്പുകള്‍ വീട്ടാന്‍ ബാധ്യതപ്പെട്ടയാള്‍ക്ക് ആശൂറാ ദിനത്തിലെ നോമ്പനുഷ്ഠിക്കാമോ?*

**ഉത്തരം: ഒരുകൂട്ടം പണ്ഡിതര്‍**

ശറഈ നിയമങ്ങളില്‍ ഗവേഷകനായ മുഹമ്മദ് സഅ്ദീ പറയുന്നു: റമദാന്‍ ദിവസത്തെ നോമ്പ് ഖദാ വീട്ടാനുള്ളവര്‍ക്കും പ്രസ്തുത ദിവസത്തെ നോമ്പനുഷ്ഠിക്കാവുന്നതാണ്. ഇതാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം.

റമദാനിലെ നോമ്പ് ഖദാ വീട്ടാനുള്ളവര്‍ സുന്നത്ത് നോമ്പനുഷ്ഠിക്കാന്‍ പാടില്ല എന്ന ചില പണ്ഡിതന്മാര്‍ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം ആശൂറാ ദിനത്തിലെ നോമ്പനുഷ്ഠിക്കുന്നവര്‍ റമദാനിലെ നഷ്ടപ്പെട്ട നോമ്പ് ഖദാ വീട്ടുകയാണ് എന്നാണ് നിയ്യത്ത് ചെയ്യേണ്ടത്. ഖദാ വീട്ടുന്നതിന്റെയും പ്രസ്തുത ദിവസത്തിന്റെയും പ്രതിഫലം അയാള്‍ക്ക് ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണ്. "റമദാനിലെ ഏതെങ്കിലും നോമ്പ് ഖദാ വീട്ടാനുള്ളവര്‍ സുന്നത്ത് നോമ്പനുഷ്ഠിക്കരുത്. അവരാദ്യം നഷ്ടപ്പെട്ട നോമ്പ് ഖദാവീട്ടാനാണ് ശ്രദ്ധിക്കേണ്ടത്. പിന്നീടേ സുന്നത്ത് നോമ്പുകള്‍ അനുഷ്ഠിക്കേണ്ടതുള്ളൂ" എന്നാണ് സുഊദി അറേബ്യയിലെ ഫത്‌വാ സമിതിയുടെ വീക്ഷണം. ഫത്‌വാ സമിതിയുടെ ഈ അഭിപ്രായം ഹമ്പലികളുടെ വീക്ഷണമാണ്. മുസ്നദ് അഹ്മദില്‍ വന്ന ഒരു ഹദീസാണ് അവരതിന് തെളിവായി ഉന്നയിക്കുന്നത്.

അബൂഹുറയ്റ(റ)യില്‍നിന്ന്: നബി(സ) പറഞ്ഞു: "ഒരാള്‍ക്ക് റമദാനിലെ നോമ്പ് ഖദാ വീട്ടാനുണ്ടെങ്കില്‍ അത് നോറ്റു വീട്ടുന്നതുവരെ അവരില്‍നിന്ന് സുന്നത്ത് നോമ്പ് സ്വീകരിക്കുന്നതല്ല.'' ഈ ഹദീസിന്റെ പരമ്പരയില്‍ ഇബ്നു ലുഹൈഅ് എന്നൊരു വ്യക്തിയുണ്ട്. അല്‍ബാനി ഉള്‍പ്പെടെയുള്ളവര്‍ അദ്ദേഹത്തെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങള്‍ പ്രകടിപ്പിച്ചിട്ടുണ്ട്.

പ്രസ്തുത ഹദീസിനും വ്യത്യസ്ത വ്യാഖ്യാനങ്ങള്‍ നല്‍കപ്പെട്ടിട്ടുണ്ട്. ഭൂരിപക്ഷം പണ്ഡിതന്മാരും അംഗീകരിക്കുന്ന

മറ്റൊരു റിപ്പോർട്ടും ഹമ്പലികൾക്ക് തെളിവായുണ്ട്. *അൽ ഇൻസാഫിന്റെ* കർത്താവ് അത് കൊള്ളാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു.

എന്നാൽ തുടക്കത്തിൽ സൂചിപ്പിച്ച ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായത്തെ പിന്താങ്ങുന്നതാണ് ആഇശ(റ)യിൽനിന്നുള്ള, ആഇശ(റ) റമദാനിൽ നഷ്ടപ്പെടുന്ന നോമ്പുകൾ അടുത്ത ശഅ്ബാൻ മാസത്തിലേ ഖദാവീട്ടിയിരുന്നുള്ളൂ എന്ന നിവേദനം. അബൂസലമയിൽനിന്ന് ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. ആഇശ(റ) പറഞ്ഞതായി ഞാൻ കേട്ടു: "എനിക്ക് റമദാൻ മാസത്തിൽ നഷ്ടപ്പെടുന്ന നോമ്പുകൾ അടുത്ത ശഅ്ബാനിലല്ലാതെ ഖദാവീട്ടാൻ കഴിയാറുണ്ടായിരുന്നില്ല."

ഫർദ് നോമ്പ് ഖദാവീട്ടുന്നതിന് മുമ്പ് അവർ സുന്നത്ത് നോമ്പുകൾ അനുഷ്ഠിക്കാറുണ്ടായിരുന്നുവെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. എന്നാൽ അതനുവദനീയമാണ് എന്ന് വ്യക്തമാക്കിയശേഷം കറാഹത്തോടുകൂടി എന്നു കൂടി മാലികികളും ശാഫിഈകളും അഭിപ്രായപ്പെട്ടിരിക്കുന്നു. (അനുവദനീയമെങ്കിലും പ്രോത്സാഹിപ്പിക്കേണ്ടതല്ല എന്നർഥം - വിവ.). എന്നാൽ നിർബന്ധമായ നോമ്പ് ഖദാവീട്ടാനുള്ള വ്യക്തി അത് എത്രയും പെട്ടെന്ന നോറ്റുവീട്ടാൻ ശ്രദ്ധിക്കേണ്ടതാണ്.

## മുസ്‌ലിംകളല്ലാത്തവരോടും സലാം പറയാമോ?

***ചോദ്യം:** മുസ്‌ലിംകൾ പരസ്പരം കാണുമ്പോൾ അഭിവാദ്യം ചെയ്യുന്ന സലാമിന്റെ വചനങ്ങൾ മുസ്‌ലിംകളല്ലാത്തവർക്കും അഭിവാദ്യമായി ഉപയോഗിക്കാമോ?*

**ഉത്തരം: ഫൈസൽ മൗലവി** (യൂറോപ്യൻ ഫത്‌വാ കൗൺസിൽ ഉപാധ്യക്ഷൻ).

മുസ്‌ലിംകൾ അഭിവാദ്യം ചെയ്യാനുപയോഗിക്കുന്ന 'അസ്സലാമു അലൈകും വറഹ്മത്തുല്ലാഹി വബറകാതുഹു (ദൈവത്തിന്റെ സമാധാനവും കാരുണ്യവും അനുഗ്രഹങ്ങളും താങ്കളുടെ മേലുണ്ടാവട്ടെ) എന്ന വാക്യം കൊണ്ട് മുസ്‌ലിംകളല്ലാത്തവരെയും അഭിവാദ്യം ചെയ്യാവുന്നതാണ്.

പ്രസ്തുത വചനം മുസ്‌ലിംകളല്ലാത്തവരെ അഭിവാദ്യം ചെയ്യാൻ ഉപയോഗിക്കാവുന്നതാണെന്ന് ഇബ്നു അബ്ബാസ്, ഇബ്നു മസ്ഊദ്, അബീ ഉമാമ, ഇബ്നു മസീഹ്, ഉമറുബ്നു അബ്ദിൽ അസീസ്, സുഫ്‌യാനുബ്നു ഉയൈയ്ന, ഷഅബീ, ഔസാഈ, ത്വബ്‌രീ തുടങ്ങിയവർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇമാം റശീദ് രിദാ *തഫ്സീറുൽ മനാറിലും*, ശൻബീതി *അദ്‌വാഉൽ ബയാനിലും* ഈ അഭിപ്രായത്തെ പിന്തുണക്കുന്നു.

താഴെപ്പറയുന്ന തെളിവുകളുടെ വെളിച്ചത്തിൽ നാം ഈ അഭിപ്രായത്തെ പിന്തുണക്കുന്നു.

"സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം" (*അന്നൂർ* 24). "അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു: താങ്കൾക്ക് സലാം. താങ്കൾക്കുവേണ്ടി ഞാൻ എന്റെ രക്ഷിതാവിനോട് പാപമോചനം തേടാം. തീർച്ചയായും അവൻ എന്നോട് ദയയുള്ളവനാകുന്നു" (*മർയം* 47). എല്ലാവരോടും സലാം പറയണമെന്ന് കൽപിക്കുന്ന ഹദീസുകളും ധാരാളമായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

"നീ പരിചയക്കാർക്കും പരിചയമില്ലാത്തവർക്കും സലാം പറയുക" (ബുഖാരി, മുസ്‌ലിം).

അല്ലാഹു ആദമിനെ സൃഷ്ടിച്ച് പറഞ്ഞു: "നീ പോയി അവിടെയിരിക്കുന്ന മലക്കുകൾക്ക് സലാം പറയുക. എങ്ങനെയാണവർ നിന്നെ അഭിവാദ്യം ചെയ്യുക എന്ന് ശ്രദ്ധിച്ചു കേൾക്കുക. അതായിരിക്കും നിന്റെയും നിന്റെ സന്തതികളുടെയും അഭിവാദ്യ വചനം. ആദം പറഞ്ഞു: അസ്സലാമു അലൈകും, മലക്കുകൾ: അസ്സലാമു അലൈകും വറഹ്മതുല്ലാഹ്" (ബുഖാരി, മുസ്‌ലിം).

"നിങ്ങൾ സലാം വ്യാപിപ്പിക്കുക" (തിർമിദി).

മുസ്‌ലിംകളല്ലാത്തവർക്ക് സലാം പറയാൻ പാടില്ല എന്നതിന് തെളിവായി ഉദ്ധരിക്കുന്ന "യഹൂദരോടും ക്രൈസ്തവരോടും അങ്ങോട്ട് സലാം പറഞ്ഞു ചെല്ലേണ്ടതില്ല" എന്ന വചനം ഒരു പൊതു പ്രസ്താവനയല്ല. അതൊരു യുദ്ധ സന്ദർഭവുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത ഹദീസിന്റെ സന്ദർഭം മറ്റ് റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാണ്. "നാം യഹൂദരുമായി പടക്കു പുറപ്പെടുകയാണ്. സലാം പറഞ്ഞുകൊണ്ട് അവരുടെയടുക്കൽ ചെല്ലേണ്ടതില്ല'' (അഹ്മദ്, ത്വബ്റാനി). ബനൂ ഖുറൈദ യുദ്ധ ദിവസത്തെ സംഭവമാണിവിടെ സൂചിപ്പിക്കുന്നത്.

അഹ്മദിന്റെ മറ്റൊരു റിപ്പോർട്ടിൽ, "ഞാൻ നാളെ യഹൂദരുടെ അടുക്കലേക്ക് പോവുകയാണ്. നിങ്ങൾ സലാം പറഞ്ഞുകൊണ്ട് അവരുടെയടുക്കൽ ചെല്ലേണ്ടതില്ല" എന്നുണ്ട്. *ഫത്ഹുറബ്ബാനിയിലും* ശരിയായ പരമ്പരയിലൂടെ ഇത് ഉദ്ധരിക്കുന്നുണ്ട്. ബുഖാരിയിൽനിന്നും നസാഇയിൽനിന്നും ഈ റിപ്പോർട്ട് ഇബ്നു ഹജർ *ഫത്ഹുൽ ബാരിയിൽ* ചേർത്തിട്ടുണ്ട്: "ഞാൻ

## ആശൂറാ നോമ്പ് ഖദാവീട്ടണമോ?

***ചോദ്യം:** ആശൂറാ നോമ്പ് ദിവസം ആർത്തവക്കാരിയായിരുന്ന സ്ത്രീ പ്രസ്തുത നോമ്പ് ഖദാ വീട്ടേണ്ടതുണ്ടോ?*

**ഉത്തരം: മുഹമ്മദ് ബ്നുസ്വാലിഹ് അൽ ഉസൈമീൻ**

സുന്നത്തായ ആരാധനകൾ രണ്ടുവിധമാണ്. ഒരു പ്രത്യേക കാരണമുണ്ടാകുമ്പോൾ ചെയ്യുന്നതാണ് ഒന്ന്. പ്രത്യേക നിമിത്തമോ, കാരണമോ ഇല്ലാതെ ചെയ്യുന്നതാണ് രണ്ടാം വിഭാഗം. പ്രത്യേക കാരണത്തിന്റെ പേരിൽ ചെയ്യുന്ന ആരാധനകൾ ആ കാരണം ഇല്ലാതാകുന്നതോടെ അപ്രസക്തമാകുന്നതാണ്. പള്ളിയിൽ പ്രവേശിക്കുമ്പോഴുള്ള അഭിവാദ്യ(തഹിയ്യത്ത്) നമസ്കാരം തന്നെയെടുക്കുക. ഒരാൾ പള്ളിയിൽ കയറി കുറേ നേരം ഇരുന്നതിനുശേഷം തഹിയ്യത്ത് നമസ്കരിക്കാൻ വിചാരിച്ചാൽ അത് ശരിയാവില്ല. കാരണം അതൊരു കാരണവുമായി ബന്ധപ്പെട്ടതാണ്. ആ കാരണം ഇല്ലാതായതോടെ അതിന്റെ നിയമസാധുതയും ഇല്ലാതായി.

ഇതുപോലെയാണ് അറഫാ-ആശൂറാ ദിനങ്ങളിലെ നോമ്പിന്റെ കാര്യവും. ഒഴികഴിവൊന്നുമില്ലാതെ ആ ദിനങ്ങളിൽ നോമ്പ് ഉപേക്ഷിച്ചവരും രോഗം, ആർത്തവം, പ്രസവരക്തം തുടങ്ങിയ കാരണങ്ങളാൽ അതുപേക്ഷിക്കുന്നവരും പിന്നീട് ഖദാവീട്ടേണ്ടതില്ല. വീട്ടിയിട്ട് കാര്യവുമില്ല. ചില പ്രത്യേക ദിവസങ്ങളുമായി ബന്ധപ്പെട്ടവയാണ് ആ നോമ്പുകളെല്ലാം. ആ ദിവസങ്ങൾ കഴിയുന്നതോടെ അവയുടെ നിയമസാധുതയും അവസാനിക്കും.

നാളെ യഹൂദരുടെ അടുക്കലേക്ക് പോവുകയാണ്. നിങ്ങൾ സലാം പറഞ്ഞുകൊണ്ട് അവരുടെയടുക്കൽ ചെല്ലേണ്ടതില്ല."

സലാമിന്റെ വചനങ്ങൾകൊണ്ടു തന്നെ മുസ്‌ലിംകളല്ലാത്തവരെ അഭിവാദ്യം ചെയ്യാം എന്ന് മദ്ഹബുകാരും അല്ലാത്തവരുമായ വലിയൊരു വിഭാഗം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മാത്രമല്ല, അമുസ്‌ലിംകളുടെ ഇടയിൽ വസിക്കുന്ന മുസ്‌ലിമിന്റെ മുഖ്യബാധ്യത ഇസ്‌ലാമിക പ്രബോധനമാണ്. നല്ല അഭിവാദ്യത്തോടെ അന്യരെ അഭിസംബോധന ചെയ്യുക എന്നത് പ്രബോധകന്റെ സംസ്കാരവുമാണ്.

മുസ്‌ലിമല്ലാത്ത ഒരാൾ മുസ്‌ലിമിനെ സലാമിന്റെ വചനം കൊണ്ട് അഭിവാദ്യം ചെയ്താൽ മടക്കൽ നിർബന്ധമായിത്തീരുന്നു. "നിങ്ങൾക്ക് അഭിവാദ്യം അർപ്പിക്കപ്പെട്ടാൽ അതിനെക്കാൾ മെച്ചമായി അങ്ങോട്ട് അഭിവാദ്യം അർപ്പിക്കുക. അല്ലെങ്കിൽ അതുതന്നെ തിരിച്ചു നൽകുക" (*അന്നിസാഅ്* 86) എന്ന ഖുർആൻ സൂക്തമാണ് തെളിവ്. അഭിവാദ്യത്തെക്കാൾ മെച്ചമായി പ്രത്യഭിവാദ്യം ചെയ്യുക എന്നത് ഐച്ഛികവും തുല്യമായ നിലയിലെങ്കിലും മടക്കുക എന്നത് നിർബന്ധവുമാണ്.

*തഫ്സീറുൽ ഖുർതുബി, തഫ്സീറുൽ മനാർ, ഫത്ഹുൽ ബാരി, സ്വഹീഹു മുസ്‌ലിമി*ന് ഇമാം നവവി എഴുതിയ വ്യാഖ്യാന ഗ്രന്ഥം *ഫത്ഹു റബ്ബാനി*, ഇബ്നുൽ ഖയ്യിമിന്റെ *അഹ്കാമു അഹ്‌ലിദ്ദിമ്മ* തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇതിനെ സംബന്ധിച്ച കൂടുതൽ വിശദീകരണങ്ങൾ കാണാം. ■

**(ഇസ്‌ലാം ഓൺലൈൻ നെറ്റ്, അറബി)**